കൈവശ ഭൂമികൾക്ക് പട്ടയം നൽകൽ

641 [211] ശ്രീ. ജി. വരദൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈവശഭൂമികൾക്ക് പട്ടയം നൽകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് എടുക്കുകയുണ്ടായി?

ഉത്തരം

നിലവിലുള്ള ഭൂമി പതിവു ചട്ടങ്ങളനുസരിച്ച് അർഹതയുള്ള കൈവശക്കാർക്കു അവരുടെ കൈവശ ഭൂമി പതിച്ചു പട്ടയം നൽകുന്നതിന് സംസ്ഥാനത്തെ മിക്കവാറും എല്ലാ ജില്ലകളിലും പ്രത്യേക ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഭൂമി പതിവ് നടപടികളിലെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്തു ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകുന്നുണ്ട്. 1-1-1977-നു മുൻപ് മുതൽ വനഭൂമി കൈവശം വച്ചു വരുന്ന ആളുകൾക്ക് അവരുടെ കൈവശാവകാശം സ്ഥിരീകരിച്ചുകൊടുക്കുന്നതിലേക്കായി കൈവശാവകാശം സംബന്ധിച്ചു വിവരങ്ങൾ റവന്യൂ വനം വകുപ്പു ഉദ്യോഗസ്ഥൻമാർ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും അത് നിശ്ചിത പ്രൊഫോർമയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

ലക്ഷംവീടു കോളനികളിലെ വീടുകളുടെ അറകുറപ്പണികൾ

642 [212] ശ്രീ. എം. കെ. കേശവൻ:
,, കെ. പി. പ്രഭാകരൻ:
ഡോ. എ. സുബ്ബറാവു:
ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീടു കോളനികളിലെ വീടുകളുടെ അറകുറപ്പണികൾ നടത്തുന്നതിന് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് എത്ര വീടുകളുടെ അറകുറപ്പണികൾ പൂർത്തിയായി;

(സി) ഈ ഇനത്തിൽ എത്രരൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറാം പഞ്ചവൽസര പദ്ധതിയുടെ പ്രാരംഭം മുതൽ എല്ലാവർഷവും ലക്ഷംവീടുകളുടെ അറകുറപ്പണികൾക്കായി ഗുണഭോക്താക്കൾക്ക് വായ്പ നൽകുന്നതിലേക്കായി ബഡ്ജറിൽ വക കൊള്ളിച്ചു വരുന്നു.

(ബി) ഇതുവരെയായി ഉദ്ദേശം 4000-ൽ പരം വീടുകളുടെ അറകുറപ്പണികൾക്ക് വായ്പ നൽകിയിട്ടുണ്ട്.

(സി) 1985-86 അവസാനംവരെ 23.42 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly